# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 776 28.09.2011-ലെ മറുപടിക്ക്

## മംഗലം ഡാം കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മംഗലം - ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ ; | (എ) ആലത്തൂർ താലൂക്കിൽപ്പെട്ട വടക്കഞ്ചേരി, കിഴക്കഞ്ചേരി വണ്ടാഴി പഞ്ചായത്തുകളിലേക്കുള്ള മംഗലംഡാം സ്രോതസ്സായി വിഭാവനം ചെയ്തിട്ടുള്ള കുടിവെള്ള പദ്ധതിയ്ക്ക് വേണ്ട ജലസംഭരണശേഷി ഇപ്പോൾ ഡാമിന് ഇല്ല എന്ന വിവരം ജലസേചനവിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതിനു പരിഹാരമായി ഡാമിന് താഴെ പുഴയിൽ രണ്ട് തടയണകൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം പാലക്കാട് ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഈ തടയണകളിൽ ഉൾക്കൊള്ളുന്ന ജലത്തിന്റെ അളവ് കണക്കാക്കിയിട്ടുള്ള വിശദമായ സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിനു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ മലമ്പുഴയോട് ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട് |
| (ബി) പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ ; | (ബി) ജല ലഭ്യത ഉറപ്പാക്കിയതിനുശേഷം പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതാണ്. |
| (സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ? | (സി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി പദ്ധതിയ്ക്ക് ഭരണാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ